## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2555 12/03/2020-ൽ മറുപടിക്ക്

## കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ

**ചോദ്യം**
ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നിലവിൽ എവിടെ-യൊക്കെയാണ് തൊഴിൽ വകുപ്പിന്റെ കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ് നിലവിൽ തൊഴിൽ വകുപ്പിന്റെ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | ഇപ്രകാരമുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം എങ്ങനെയാണെന്നും ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണത-കളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് |

| | | | |
|---|---|---|---|
| | | | ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സര പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |
| (സി) | കൂടുതൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ തുടങ്ങുന്നതിന് ഉദ്ദേശി-ക്കുന്നുണ്ടോ; അറിയിക്കാമോ? | (സി) | എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭി-ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിനോടൊപ്പം കോട്ടയം ജില്ലയിലെ വൈക്കം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിലും കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ വക സ്ഥലം/ കെട്ടിടം എന്നിവ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**